"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീ.ശെൽവൻ സി യുടെ കുടുംബത്തിന് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2533/2025/LSGD തീയതി,തിരുവനന്തപുരം, 20-10-2025

---

പരാമർശം:-

1. എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 30/09/2024 ലെ അടിയന്തിരയോഗത്തിന്റെ 1ാം നമ്പർ തീരുമാനം.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 21/08/2025-ലെ നടന്ന യോഗത്തിന്റെ ഖണ്ഡിക (4.8) തീരുമാനം

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ശ്രീ. ശെൽവൻ സി, കരിപ്പായി, കരിങ്കുളം ലൈഫ് 2020 ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ക്രമനമ്പർ 26 ആയി ഉൾപ്പെട്ടിട്ടുണ്ട്. ടിയാൻ ഉൾപ്പെട്ട റേഷൻകാർഡിലെ ടിയാന്റെ സഹോദരൻ സ്വന്തമായി വീടു നിർമ്മിക്കുകയും, തുടർന്ന് ടിയാനും കുടുംബത്തിനും 20/08/2022 ൽ പുതിയ റേഷൻ കാർഡ് ലഭ്യമാക്കുകയും ചെയ്തു. ലൈഫ് 2020 മാനദണ്ഡപ്രകാരം 20/02/2021 ന് മുമ്പുള്ള റേഷൻകാർഡ് വേണമെന്ന് നിബന്ധനയുള്ളതിനാൽ, ആഴ്ചയിൽ മൂന്ന് തവണ ഡയാലിസിസിന് വിധേയനാകുന്ന ഗുരുതരമായ വൃക്ക രോഗിയും ഓലമേഞ്ഞ ഷെഡ്ഡിൽ താമസിക്കുന്നതുമായ ശ്രീ. ശെൽവന്റെ കുടുബത്തിന് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ ആനുകൂല്യം നൽകുന്നതിന് സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പരാമർശം 1 പ്രകാരം തീരുമാനിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21/08/2025-ലെ യോഗം ഈ വിഷയം പരിശോധിച്ചു. അപേക്ഷകന്റെ രോഗാവസ്ഥ പരിഗണിച്ചാണ് ലൈഫ് ലിസ്റ്റിൽ 26ാം മതായി ഉൾപ്പെടുത്തിയിരുന്നത് എന്നതും ആഴ്ചയിൽ

മൂന്ന് തവണ ഡയാലിസിസിന് വിധേയനാകുന്ന ഗുരുതരമായ വൃക്ക രോഗിയും ഓലമേഞ്ഞ ഷെഡ്ഡിൽ താമസിക്കുന്ന കുടുംബമെന്നതും പരിഗണിച്ച് പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീ.ശെൽവൻ സി യുടെ കുടുംബത്തിന് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, എലവഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്.

ശ്രീ. ശെൽവൻ സി, കരിപ്പായി, കരിങ്കുളം(സെക്രട്ടറി, എലവഞ്ചേരി ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 21-10-2025 13:01:45
സെക്ഷൻ ഓഫീസർ